പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.268     02.04.2013 - ൽ  മറുപടിക്ക്

## നാഷണൽ ഹൈവേ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എളമരം കരിം<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. ബി.സത്യൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേ വികസനം ഏത് ഘട്ടത്തിലാണ്; ഹൈവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലനിന്നിരുന്ന ആശങ്ക ദൂരീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(എ) ദേശീയപാത 17 ഉം 47 ഉം (പുതിയ നമ്പർ എൻ.എച്ച്.66) ചേർന്നുള്ള 669 കി.മീ.-ൽ കേരള കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ തലപ്പാടി-കണ്ണൂർ, കണ്ണൂർ-വെങ്ങളം, വെങ്ങളം-കുറ്റിപ്പുറം, കുറ്റിപ്പുറം -ഇടപ്പള്ളി എന്നീ ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപടികൾ മന്ദഗതിയിലാണ്. ആകെ ഏറ്റെടുക്കേണ്ട 986 ഹെക്ടർ ഭൂമിയുടെ വളരെ ചെറിയ ശതമാനം മാത്രമാണ് ഇതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞത്. ഈ ഭാഗങ്ങളിൽ സ്ഥലമെടുപ്പിനു വേണ്ട പ്രാരംഭനടപടികളായ 3(എ) വിജ്ഞാപനം പുറപ്പെടുവിക്കുക, ഭൂമിയുടെ സർവ്വേ എന്നിവയാണ് ഇപ്പോൾ നടന്നുവരുന്നത്.

ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ഭാഗം എൻ.എച്ച്. എ.ഐ. നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗം സംസ്ഥാന സർക്കാർ നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ എൻ.എച്ച്.എ.ഐ.യുടെ

വികസന പ്രവർത്തനങ്ങൾ ഇനിയും നടക്കാനുണ്ട്. ചേർത്തല-ഓച്ചിറ, ഓച്ചിറ-കഴക്കൂട്ടം, കഴക്കൂട്ടം - സംസ്ഥാന അതിർത്തിയായ ഇഞ്ചിവിള വരെയുള്ള ഭാഗങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു.

എൻ.എച്ച്.47 ലെ വാളയാർ മുതൽ ഇടപ്പള്ളിവരെയുള്ള (പുതിയ നമ്പർ. എൻ.എച്ച്.544) 160 കി.മീ. സ്ഥലമെടുപ്പ് പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 72 കി.മീ. നാലുവരിപ്പാത യായി വികസിപ്പിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം ജില്ലയിൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള 29 കി.മീ. ദൂരം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

ദേശീയപാതാ വികസനം ദ്രുതഗതിയിൽ നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ ഒരു വിഭാഗം ജനങ്ങളുടെ ശക്തമായ എതിർപ്പ് ഇതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലം എടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്ന തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല സമിതിയും കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സാങ്കേതിക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

ബാക്കിയുള്ള ദേശീയ പാതകളായ എൻ.എച്ച്.49 (168 കി.മീ.)

എൻ.എച്ച്.208 (81 കി.മീ.) എൻ.എച്ച്. 212 (118 കി.മീ.) എൻ.എച്ച്. 213 (125 കി.മീ.) എൻ.എച്ച്.220 (190 കി.മീ.) എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കാനുള്ള സാധ്യതാപഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ഇതിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റിയുടെ എൻ.എച്ച്.ഡി.പി. ഫെയ്സ് IV -ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എൻ.എച്ച്.ഡി.പി. പദ്ധതി പ്രകാരം പണി തുടങ്ങുന്നതിനു മുൻപ് ഇതിനാവശ്യമായ 90 ശതമാനം ഭൂമിയും ഏറ്റെടുത്ത് നൽകണമെന്നും, റോഡ് വികസനത്തിനുശേഷം ടോൾ പിരിക്കണമെന്നും നിബന്ധനയുണ്ട്. നിലവിൽ രണ്ടു വരിപാതയുള്ള ഈ ദേശീയപാതകളിൽ നേരിയ വികസനത്തിനുശേഷം ടോൾ പിരിക്കുന്നതിനു കേരളത്തിലെ സാഹചര്യങ്ങളിൽ വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട്. അതിനാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന എൻ.എച്ച്.ഡി.പി. പദ്ധതിക്ക് പകരമായി ഈ റോഡുവികസനത്തിന് ആവശ്യമായ തുക സംസ്ഥാന സർക്കാരിന് പ്രത്യേകമായി അനുവദിച്ച് എൻ.എച്ച്. വിഭാഗത്തെകൊണ്ട് ജോലികൾ ചെയ്യിക്കണമെന്ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് അനന്തമായി നീളുന്നതു കാരണം ഹൈവേ വികസനത്തിന് കേന്ദ്രം അനുവദിച്ച ഫണ്ട് തിരിച്ചെടുക്കുകയുണ്ടായോ;

(ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിദേശ കമ്പനികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അന്തർ ദേശീയ നിലവാരത്തിലുള്ള സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് ഗുണനിലവാര പരിശോധനാസാമഗ്രികളും പുതിയ സാങ്കേതിക വിദ്യകളും അടക്കമുള്ള സഹായങ്ങൾ സ്പാനിഷ് കമ്പനിയായ ELSAMEX-SA എന്ന കമ്പനി വാഗ്ദാനം ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ചർച്ചകൾ നടത്തുന്നതിന് മുന്നോടിയായി ഒരു മെമ്മോറാണ്ഡം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MOU) 06.02.2012 ൽ ഒപ്പിടുകയുണ്ടായി. ഇതു പ്രകാരം ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാനും കെട്ടിടവും സ്ഥലവും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് കൈമാറുവാനും വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലീസിന് ഏറ്റെടുത്തിട്ടുള്ളതായതിനാൽ സ്ഥലം കൈമാറുക എന്നത് പ്രായോഗികമല്ല. അതിനാൽ സ്ഥലം കൈമാറാത്ത രീതിയിലുള്ള നിബന്ധനകൾ മാത്രമേ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. KHRI വിദേശകമ്പനിക്ക് കൈമാറാൻ ഉദ്ദേശമില്ല.

| | | | |
|---|---|---|---|
| (ഡി) | ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണം വിദേശ കമ്പനികളെ ഏല്പിക്കുന്നത് സംസ്ഥാനത്ത് ഗതാഗതനിർമ്മാണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ നിയന്ത്രണം പൊതുമരാമത്ത് വകുപ്പിന്റെയും കമ്പനിയുടേയും സംയുക്ത നിയന്ത്രണത്തിൽ ആയിരിക്കും. അന്തർദേശീയ നിലവാരത്തിലുള്ള ഈ സ്ഥാപനം വഴി സംസ്ഥാനത്ത് ഗതാഗത നിർമ്മാണ മേഖലയിൽ ഉയർന്ന നിലവാരം ഉറപ്പ് വരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ